## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1342 | 11.08.2017 - ൽ മറുപടിയ്ക്ക്

### സീഡ് ഫാമുകളിലെ വിത്തുല്പാദനം

**ചോദ്യം**
**ശ്രീ.കെ.കൃഷ്ണൻകുട്ടി**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** കൃഷിവകുപ്പിന്റെ കീഴിൽ പാലക്കാട്ട് ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ സീഡ് ഫാമുകളിൽ 2010 മുതൽ ഉത്പാദിപ്പിച്ച നെൽ വിത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

**എ)** പാലക്കാട്ട് ജില്ലയിലെ സീഡ് ഫാമുകളിൽ 2010 മുതൽ ഉല്പാദിപ്പിച്ച നെൽവിത്തിന്റെ കണക്ക് ഇപ്രകാരമാണ്.

| വർഷം | ആകെ ഉല്പാദിപ്പിച്ച നെൽവിത്ത് (കിലോഗ്രാം) |
|---|---|
| 2010-11 | 172080 |
| 2011-12 | 175005 |
| 2012-13 | 148029 |
| 2013-14 | 170326 |
| 2014-15 | 162322 |
| 2015-16 | 130988 |
| 2016-17 | 87086 |
| **ആകെ** | **1045836** |

**ബി)** മേൽ സൂചിപ്പിച്ച കാലയളവിൽ എത്ര വിത്ത് കേരള സംസ്ഥാന സീഡ് അതോറിട്ടി ഓരോ വർഷവും സംഭരിച്ചിട്ടുണ്ട്;

**ബി)** പാലക്കാട്ട് ജില്ലയിലെ സീഡ് ഫാമുകളിൽ നിന്നും 2010 മുതൽ കേരള സംസ്ഥാന സീഡ് അതോറിട്ടി സംഭരിച്ച നെൽവിത്തിന്റെ അളവ് ഇപ്രകാരമാണ്.

| വർഷം | കെ.എസ്.എസ്.ഡി.എ. സംഭരിച്ച വിത്തിന്റെ അളവ് (കിലോഗ്രാം) |
|---|---|
| 2010-11 | 170402 |
| 2011-12 | 174181 |
| 2012-13 | 146460 |
| 2013-14 | 157890 |
| 2014-15 | 139800 |
| 2015-16 | 111370 |
| 2016-17 | 61920 |
| **ആകെ** | **962023** |

2016-17 ൽ ഉണ്ടായ രൂക്ഷമായ വരൾച്ചമൂലം നെൽവിത്തുല്പാദനം ഈ ഘട്ടത്തിൽ കുറഞ്ഞുപോയിട്ടുള്ളതാണ്.

**സി)** ശരിയായ സംഭരണം നടക്കാത്തതുകൊണ്ട് ഏതൊക്കെ ഫാമുകളിൽ എത്ര ടണ്ണ് നെൽ വിത്ത് നഷ്ടപ്പെട്ടു എന്ന കണക്ക് ലഭ്യമാക്കാമോ;

**സി)** സംഭരണം നടക്കാത്തതിനാൽ നഷ്ടമായ നെൽവിത്തിന്റെ അളവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| സീഡ് ഫാം | വർഷം | നഷ്ടമായ വിത്ത് (കിലോഗ്രാം) |
|---|---|---|
| കോങ്ങാട് സീഡ് ഫാം | 2013-14 | 4400 |
| | 2014-15 | 8570 |
| | 2015-16 | 5173 |
| **ആകെ** | | **18143** |

**ഡി)** ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തൊക്കെ മുൻകരുതലുകൾ എടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

**ഡി)** ഗുണനിലവാരം ഉറപ്പാക്കി നെൽവിത്ത് യഥാസമയം സംഭരിക്കുന്നതിന് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർക്ക് വിത്ത് ഫാമുകളിൽ നിന്നും നേരിട്ട് ജനറൽ സെയിൽ നടത്തിയും വിത്തു നഷ്ടമാകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**